ധാരണ: ചെവികേൾക്കാത്ത എല്ലാവരും ആംഗ്യഭാഷ ഉപയോഗിക്കുന്നു.

സത്യം: കേൾവിക്കുറവുള്ള ധാരാളം ആളുകൾ പരസ്പരം സംസാരിക്കുന്നതിലൂടെ ആശയവിനിമയം നടത്തുന്നു. സംസാരിക്കുക എന്നതാണ് എളുപ്പമുള്ളതും, സാധാരണവുമായ ആശയവിനിമയ രീതി. ജൻമനാ കേൾവിക്കുറവുള്ള ആളുകൾക്ക്പോലും, ശ്രവണ സഹായി വെച്ച് പരിശീലനം നൽകിയാൽ പരസ്പര സംസാരത്തിലൂടെ ആശയ വിനിമയം നടത്താൻ കഴിയും.

---


നിങ്ങൾക്ക് എന്ത് സംശയനിവാരണം ആവശ്യമായി വന്നാലും ഞങ്ങളെ സമീപിക്കാൻ മടികാണിക്കാതിരിക്കുക.

ആൾ  ഇന്ത്യ ഇൻസറ്റിറ്റൂട്ട് ഓഫ് സ്പീച്ച് അന്ട് ഹിയറിംങ്
മാനസഗംഗോത്രി
മൈസൂർ
ഫോൺ നമ്പർ: 0821-2502000, 2502100, 2502704
ഫാക്സ്: 0821-2510515
ഇ.മെയിൽ: aiish_dir@yahoo.com
പ്രവർത്തനസമയം: 9.00 am to 5.30 pm
തിങ്കൾ മുതൽ വെള്ളി വരെ
പൊതു അവധി, ശനി, ഞായർ ദിവസങ്ങളിൽ പ്രവർത്തിക്കുന്നതല്ല.

---

Translated by Jijo P.M & Jithin Raj B
Department of Audiology






**ALL INDIA INSTITUTE OF SPEECH AND HEARING**
Manasagangothri, Mysore - 570 006

**World Heath Organization**

# കേൾവിക്കുറവ് ശ്രവണ സഹായി ഇവയെക്കുറിച്ച് ചില സത്യങ്ങൾ

ധാരണ: എന്റെ പ്രായത്തിൽ കേൾവിക്കുറവ് സാധാരണമാണ്.


സത്യം: ഒരു ഹ്മപായത്തിലും കേൾവിക്കുറവ് സാധാരണമല്ല. പ്രായം എത്ര കൂടിയാലും അഥവാ ചെറു പ്രായത്തിലും കേൾവി എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ധാരണ: എനിക്ക് കേൾവിക്കുറവ് ഉണ്ടെങ്കിൽ അത് എനിക്ക് തന്നെ അറിയാൻ കഴിയും.

സത്യം: ചില ആളുകൾക്ക് കേൾവിക്കുറവ് ഒരു ചെവിയിൽ മാത്രമാകാം, അല്ലെങ്കിൽ വളരെ ചെറിയ തോതിലുമാകാം. അത്തരം സാഹചര്യങ്ങളിൽ കേൾവിക്കുറവ് മനസ്സിലാക്കാൻ പ്രയാസമാണ്.സാധാരണമായി സുഹൃത്തുക്കളോ കുടുബാംഗങ്ങളോ ആണ് കേൾവിക്കുറവ് ആദ്യം ശ്രദ്ധിക്കുക.

ധാരണ: കുട്ടിക്ക് മൂന്ന് വയസ്സ് ആകുന്നത് വരെ എങ്കിലും കേൾവിക്കുറവ് കണ്ടുപിടിക്കുക സാധ്യമല്ല.

സത്യം: നവജാത ശിശുക്കളിൽ പോലും കേൾവിക്കുറവ് കണ്ടുപിടിക്കുക സാധ്യമാണ്. എത്രയും വേഗം ചികിൽസിക്കുന്നതിനായി, കേൾവിക്കുറവുണ്ടെന്ന് തോന്നിയാലുടൻ കേൾവി ശക്തി പരിശോധിക്കേണ്ടതാണ്.കുട്ടിയുടെ പ്രായം ഒരു പ്രശ്നമേയല്ല.



ധാരണ: കുട്ടിയ്ക്ക് ഇപ്പോൾ കേൾക്കാൻ സാധ്യമല്ലെങ്കിലും പിന്നീട് കേൾവിശക്തി ലഭിച്ചേയ്ക്കും.

സത്യം ജൻമനാ കേൾവി കുറവുള്ള കുട്ടികൾ വളർന്ന് വരുമ്പോൾ കേൾവി ഉണ്ടാകാനുള്ള ഝാധ്യത വളരെ കുറവാണ്.
കുട്ടിയ്ക്ക്  കേൾവി കുറവ് ഉണ്ടെന്ന് സംശയം തോന്നുകയാണെങ്കിൽ ഉടൻ തന്നെ ചെവി പരിശോധിക്കേണ്ടതാണ് മറിച്ച് വളർന്ന് വരുമ്പോൾ കേൾവിയുണ്ടാകാം എന്ന് കരുതി കാത്തിരിക്കരുത്.

ധാരണ:എന്റേത് പോലുള്ള കേൾവിക്കുറവിന് ചികിൽസ ലഭ്യമല്ല.

സത്യം :ചില തരത്തിലുള്ള കേൾവിക്കുറവുകൾ മരുന്നിലൂടെ പരഹരിക്കാവുന്നതാണ്. പണ്ടുകാലത്ത് ചിലതരത്തിലുള്ള കേൾവിക്കുറവുകൾ ശ്രവണ സഹായി ഉപയോഗിച്ച് പരിഹരിക്കുക സദ്ധ്യമല്ലായിരുന്നു. ഉദ്ദാഹരണത്തിന് ഉയർന്ന ആവൃത്തിയിൽ മാത്രമുള്ള കേൾവിക്കുറവ് ഉള്ളവർക്ക് ശ്രവണ സഹായിയിലൂടെ വേണ്ടത്ര  ഗുണം ലഭിക്കാറില്ല. പക്ഷേ ഈ കാലത്ത് കേൾവിക്കുറവുള്ള ഏതോരാൾക്കും ശ്രവണ സഹായി സഹായകമാണ്. മരുന്നിലൂടെയോ ശസ്ത്രക്രിയയിലൂടെയോ പരിഹരിക്കാനാവാത്ത കേൾവി കുറവുക്കൾക്ക് ശ്രവണ സഹായി ഒരു പരിഹാരമാണ്.

ധാരണ:ശ്രവണ സഹായി കേൾവിക്കുറവ് ഇല്ലാതാക്കും

സത്യം :കണ്ണട കാഴച കുറവ് പരിഹരിക്കുന്നു പക്ഷേ കാഴ്ച ശക്തി തിരികെ കിട്ടുന്നില്ല എ



ന്നതുപോലെ ശ്രവണ സഹായി ശബ്ദത്തിന്റെ ത്രീവ്രത കൂട്ടി കേൾവി കുറവ് പരിഹരിക്കുന്നു. ഋക്ഷേ കേൾവി ശക്തി തിരികെ കിട്ടുന്നില്ല.

ഇാരണ: എനിക്ക്  പ്രായമേറിയതിനാൽ ശ്രവണ സഹായി ഗുണകരമാവില.

ഝത്യം:


പ്രായമേറിയവർ ശ്രവണ സഹായി ശീലിക്കാൻ അധിക താമസം എടുക്കുമെങ്കിലും ശ്രവണ സഹായി ഉപയോഗിക്കുന്നതിൽ പ്രായാധിക്യം ഒരു പ്രശ്നമല്ല.  ഏതു പ്രായത്തിലുള്ള വ്യക്തിയാണെങ്കിലും കേൾവി കുറവുണ്ടെങ്കിൽ ശ്രവണ സഹായിൽ നിന്നും ഉപയോഗം ഉണ്ടാവും.

ധാരണ: ശ്രവണ സഹായി കേൾവിക്ക് ദോഷമായി ബാധിക്കും.

സത്യം:ഉപയോഗിക്കുന്ന ആളുടെ ആവശ്യത്തിന് അനുസരിച്ചാണ് ശ്രവണ വിദഗ്ധൻ ശ്രവണ സഹായി നല്കുന്നത്. കേൾവിക്കുറവ് പരിഹരിക്കാൻ അത് ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കേണ്ടതാണ്.ശ്രവണ സഹായി കേൾവിക്ക്  ദോഷകരമായി ബാധിക്കാനുള്ള സധ്യത വളരെ കുറവാണ്.

ധാരണ: ശ്രവണ സഹായി എത്ര ചെറുതാണോ അത്രയും നല്ലതാണ്.

സത്യം:  ഒരു വ്യക്തിയക്ക് ഏററവും അനുയോജ്യമായ ശ്രവണ സഹായി അയാൾക്ക് എത്രത്തോളം കേൾവി കുറവുണ്ട്, കേൾവി കുറവ് ഏത് തരത്തിലുള്ളതാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ശ്രവണ സഹായികൾ പലതരത്തിലുണ്ട്, ഒരു വ്യക്തിയക്ക് ഏററവും അനുയോജ്യമാത് എറ്റവും ചെറുതാകണമെന്നില്ല.



ധാരണ:രണ്ട് ചെവിയിലും ശ്രവണ സഹായികൾ ഉപയോഗിക്കേണ്ട അവശ്യമില്ല.

സത്യം:സാധരണ ഗതിയിൽ നാം രണ്ട് ചെവിയിലൂടെയും കേൾക്കുന്നു. അതുപോലെ രണ്ട് ശ്രവണ സഹായി ഉപയോഗിച്ചാൽ കൂടുതൽ ഗുണം ലഭിക്കും പ്രത്യേകിച്ച് കുട്ടികൾക്ക്. രണ്ട് ശ്രവണ സഹായികൾ ഉപയോഗിക്കുക വഴി ശബ്ദ്കോലാഹലങ്ങൾക്കിടയിൽ നന്നായി കേൾക്കാൻ കഴിയും. ചെവിയിൽ നിന്നും കിലുങ്ങുന്ന തരത്തിലുള്ള ശബ്ദം (ടിനൈറ്റസ്സ്) ഉണ്ടെങ്കിൽ രണ്ട് ശ്രവണ സഹായികൾ ഉപയോഗിക്കുക വഴി ആ  ശബ്ദത്തിൽ നിന്നും ഉണ്ടാകുന്ന ബുദ്ധിമുട്ടിൽ നിന്നും ആശ്വാസം ലഭിച്ചേക്കാം.

ധാരണ : എനിക്ക് ആവശ്യമുള്ള സമയത്ത് മാത്രമേ ഞാൻ ശ്രവണ സഹായി വയ്ക്കുകയുള്ളു.

സത്യം:  ചില പ്രത്യേക സാഹചര്യങ്ങളിലോ പ്രാധാന സംഭാഷണങ്ങളിലോ അല്ല. എല്ലായിപ്പോഴും നമുക്ക് കേൾവി ശക്തി ആവശ്യമാണ്.അതിനാൽ തന്നെ ശ്രവണ സഹായി എപ്പോഴും ഉപയോഗിക്കേണ്ടതാണ്.ആദ്യമാദ്യം ശ്രവണ സഹായി ഉപയോഗിക്കുന്നത് സുഖകരമല്ലായിരിക്കാം.തുടക്കത്തിൽ ചില മണിക്കൂറുകൾ മാത്രം എല്ലാ ദിവസവും ശ്രവണ സഹായി ഉപയോഗിക്കുക. സാവധാനം ഉപയോഗിക്കുന്ന സമയം ദീർഘിപ്പിക്കുക. ഝുഖകരമായി ശ്രവണ സഹായി ദിവസം മുഴുവനും ഉപയോഗിക്കുന്നത് വരെ ഇത് തുടരുക.

ധാരണ :ശ്രവണ സഹായി ഉപയോഗിക്കേണ്ടി വരുന്നത് നിങ്ങൾക്ക് പ്രായം കൂടിയതിന്റെ ലക്ഷണമാണ്.

സത്യം: പ്രായമേറിയവർ മാത്രമല്ല ശ്രവണ സഹായി ഉപയോഗിക്കുന്നത്. കേൾവികുറവുള്ള നവജാത ശിശുക്കളും, കുട്ടികളും, ചെറുപ്പക്കാരുമെല്ലാം ശ്രവണ സഹായി ഉപയോഗിക്കുകയും അതിൽ നിന്ന് ഗുണം ലഭിക്കുകയും ചെയ്യുന്നു.

ധാരണ: കേൾവിക്കുറവുള്ളതിനാൽ സംസാരത്തിലും ഭാഷയിലും തകരാറുള്ള (പിന്നോക്കം നിൽക്കുന്ന) കുട്ടികൾ ശ്രവണ സഹായി വെച്ച ഉടനെ സംസാരിക്കാൻ തുടങ്ങുന്നു.

സത്യം:ശ്രവണ സഹായി ചെറിയ ശബ്ദങ്ങളെ ഉച്ചത്തിലുള്ളതാക്കി മാറ്റുന്നു. അങ്ങനെ കേൾവി കുറവുള്ള കുട്ടികൾക്ക് അവ കേൾക്കാൻ സാധിക്കുന്നു. കുട്ടികൾ സംസാരിക്കാൻ പഠിക്കുന്നത് കേൾവിയിലൂടെയാണെങ്കിലും ശ്രവണ സഹായി വെച്ചാൽ മാത്രം സംസാരിക്കാൻ പഠിക്കണമെന്നില്ല.നന്നായി ആശയ വിനിമയം നടത്തണമെങ്കിൽ , ശ്രവണ സഹായി വെച്ചതിന് ശേഷം എല്ലാ കുട്ടികൾക്കും സംസാര ഭാഷാ പരിശീലനവും കേൾവി പരിശീലനവും നൽക്കേണ്ടതാണ്.

ധാരണ: കേൾവിക്കുറവുള്ള കുട്ടികൾക്ക് സാധാരണ കുട്ടികൾക്കൊപ്പം പഠിക്കാൻ കഴിയില്ല.

സത്യം:ശരിയായ രീതിയില്ലുള്ള സഹായവും പരിശീലനവും ശരിയായ സമയത്ത് നൽകുകയാണെങ്കിൽ കേൾവിക്കുറവുള്ള കുട്ടികൾക്ക് സാധാരണ കുട്ടികൾക്കൊപ്പം പഠിക്കാവുന്നതാണ്. സാധാരണ കുട്ടികളെ പോലെ ഇവർക്കും എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കാവുന്നതാണ്.

ധാരണ: ചെവികേൾക്കാത്ത എല്ലാവരും ആംഗ്യഭാഷ ഉപയോഗിക്കുന്നു.

സത്യം: കേൾവിക്കുറവുള്ള ധാരാളം ആളുകൾ പരസ്പരം സംസാരിക്കുന്നതിലൂടെ ആശയവി– നിമയം നടത്തുന്നു. സംസാരിക്കുക എന്നതാണ് എളുപ്പമുള്ളതും, സാധാരണവുമായ ആശയ– വിനിമയ രീതി. ജൻമനാ കേൾവിക്കുറവുള്ള ആളുകൾക്ക്പോലും, ശ്രവണ സഹായി വെച്ച് പരിശീലനം നൽകിയാൽ പരസ്പര സംസാരത്തിലൂടെ ആശയ വിനിമയം നടത്താൻ കഴിയും.






ധാരണ: ശ്രവണ സഹായികൾ താങ്ങാനാവാത്ത വിധം ചിലവേറിയവയാണ്.

സത്യം:ശ്രവണ സഹായികൾ വളരെ ഉപയോഗപ്രദമാണ് അതിനാൽ തന്നെ കൊടുക്കുന്ന പണത്തിന് അവ മുതൽ കൂട്ടാണ്. മാത്രമല്ല ശ്രവണ സഹായികൾ വാങ്ങാനുള്ള സാമ്പത്തിക സ്ഥിതിയില്ലാത്തവർക്ക് സർക്കാർ സഹായവും ലഭ്യമാണ്. വിലകുറച്ച് ശ്രവണ സഹായികൾ വിൽക്കുന്ന ഏജൻസികളുമുണ്ട്.അങ്ങനെ രോഗികൾക്ക് പണം ലാഭിക്കാൻ കഴിയും.

ധാരണ:എനിക്ക് കേൾവികുറവ് അധികമില്ലാത്തതിനാൽ ശ്രവണ സഹായിയുടെ അവശ്യമില്ല.

സത്യം:നിങ്ങളുടെ കേൾവികുറവ് വളരെ മോശമാകുന്നത് വരെ, ശ്രവണ സഹായി വെയ്ക്കാൻ കാത്തിരിക്കരുത്. നിങ്ങളുടെ കേൾവികുറവ് നേരിയ തോതിലാണെങ്കിൽ പോലും ശ്രവണ സഹായി വെയ്ക്കുന്നതിലൂടെ നേരിയ ശബ്ദം പോലും കേൾക്കാൻ നിങ്ങൾക്ക് സാധിക്കുന്നു.നിങ്ങൾക്ക് സംസാരം കൂടുതൽ നന്നായി മനസ്സിലാക്കാൻ കഴിയും. കുട്ടികളിൽ ശ്രവണ സഹായിയുടെ അവശ്യം വളരെ കൂടുതലാണ്.

ധാരണ: എന്റെ കുട്ടി വളരെ ചെറുതായതിനാൽ ശ്രവണ സഹായി വെയ്ക്കുവാൻ സാധ്യമല്ല

സത്യം:ഒരു മാസത്തിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് പോലും ശ്രവണ സഹായി വക്കുന്നതിലൂടെ പ്രയോജനം ലഭിക്കുന്നു. അതായത് സാധാരണ കുട്ടികളേ പോലെ ഭാഷയും സംസാരവും പഠിക്കുവാൻ കേൾവി കുറവുള്ള കുട്ടികൾക്കും സാധിക്കുന്നു.

ധാരണ: മൂന്ന് മുതൽ അഞ്ച് വയസ്സ് വരെ കാക്കുക കുട്ടി സംസാരിക്കാൻ തുടങ്ങും കുട്ടിയുടെ മുത്തച്ചൻ സംസാരിക്കാൻ തുടങ്ങിയത് അഞ്ചാമത്തെ വയസ്സിലാണ്.

സത്യം: സധാരണഗതിയിൽ വളരുന്ന ഒരു കുട്ടി പന്ത്രണ്ട് മുതൽ പതിനെട്ട് മാസത്തിനുള്ളിൽ സംസാരിക്കുവാൻ തുടങ്ങും (രണ്ടോ മൂന്നോ ലളിതമായ പദങ്ങൾ). കുട്ടി വളർന്ന് വലുതാകുമ്പോൾ സംസാരിച്ച് കൊള്ളുമെന്ന് കരുതി കാത്തിരിക്കരുത്.വളർച്ചയുടെ പ്രധാന പടികളെ കുറിച്ച് അറിയുക. വളർച്ച നിരക്കിൽ താമസം തോന്നിയാൽ സംസാര ശ്രവണ വിദഗ്ദരെ സന്ദർശിക്കുക. കുട്ടികൾ സംസാരിക്കാതിരിക്കാനുള്ള പ്രധാന കാരണം കേൾവി കുറവായതിനാൽ കേൾവി ശക്തി ഉടനടി പരിശോധികേണ്ടതാണ്.

ധാരണ: കേൾവിക്കുറവുള്ളതിനാൽ സംസാരത്തിലും ഭാഷയിലും തകരാറുള്ള (പിന്നോക്കം നിൽക്കുന്ന) കുട്ടികൾ ശ്രവണ സഹായി വെച്ച ഉടനെ സംസാരിക്കാൻ തുടങ്ങുന്നു.

സത്യം:ശ്രവണ സഹായി ചെറിയ ശബ്ദങ്ങളെ ഉച്ചത്തിലുള്ളതാക്കി മാറ്റുന്നു. അങ്ങനെ കേൾവി കുറവുള്ള കുട്ടികൾക്ക് അവ കേൾക്കാൻ സാധിക്കുന്നു. കുട്ടികൾ സംസാരിക്കാൻ പഠിക്കുന്നത് കേൾവിയിലൂടെയാണെങ്കിലും ശ്രവണ സഹായി വെച്ചാൽ മാത്രം സംസാരിക്കാൻ പഠിക്കണമെന്നില്ല.നന്നായി ആശയ വിനിമയം നടത്തണമെങ്കിൽ , ശ്രവണ സഹായി വെച്ചതിന് ശേഷം എല്ലാ കുട്ടികൾക്കും സംസാര ഭാഷാ പരിശീലനവും കേൾവി പരിശീലനവും നൽക്കേണ്ടതാണ്.

ധാരണ: കേൾവിക്കുറവുള്ള കുട്ടികൾക്ക് സാധാരണ കുട്ടികൾക്കൊപ്പം പഠിക്കാൻ കഴിയില്ല.

സത്യം:ശരിയായ രീതിയില്ലുള്ള സഹായവും പരിശീലനവും ശരിയായ സമയത്ത് നൽകുകയാണെങ്കിൽ കേൾവിക്കുറവുള്ള കുട്ടികൾക്ക് സാധാരണ കുട്ടികൾക്കൊപ്പം പഠിക്കാവുന്നതാണ്. സാധാരണ കുട്ടികളെ പോലെ ഇവർക്കും എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കാവുന്നതാണ